# പത്രക്കുറിപ്പ്

കേരളാ റോഡ് സുരക്ഷാ അതോറിറ്റി, സുപ്രീം കോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റി ആക്സിഡൻറ് റിവ്യു കമ്മറ്റി 25-9-17 ൽ എടുത്ത തീരുമാന പ്രകാരം 2017 നവംബർ 20 തിങ്ങളാഴ്ച്ച മുതൽ ആലുവ നഗരത്തിൽ തൃശ്ശൂർ മോഡൽ വൺവേ ട്രാഫിക് സംവിധാനം പരീക്ഷണാടിസ്ഥനത്തിൽ നടത്തിയതിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും, പരാതികളും പരിഗണിച്ച് താഴെ പറയും പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ നടത്തുവാൻ തീരുമാനിച്ച വിവരം അറിയിക്കുന്നു.

1. റെയിൽവേ സ്റ്റേഷനിൽ നിന്നും പമ്പ് കവല, മാതാ, K.S.R.T.C റൂട്ട്, സീനത്ത്, പവർ ഹൗസ് ഭാഗത്തേക്ക് ടൂ വീലർ , പാസ്സഞ്ചർ ഓട്ടോ എന്നിവയ്ക്ക് പോകാവുന്നതാണ് . റെയിൽവേ സ്റ്റേഷനിൽ നിന്നും സീനത്ത് ഭാഗത്തേക്ക് പ്രവേശനം ഇല്ലാത്തതാണ്.

2. പമ്പ് കവല ഭാഗത്തു നിന്നും പാലസ് റോഡ് വഴി ബൈ പാസ്സ് ഭാഗത്തേക്ക് ഒരു വാഹനങ്ങൾക്കും പ്രവേശനം ഇല്ലാത്തതാകുന്നു.

3. റെയിൽവേ സ്ക്വയർ, പമ്പ് കവല എന്നീ ഭാഗങ്ങളിൽ യു ടേൺ അനുവദിക്കുന്നതല്ല.

<u>ട്രാഫിക് നിയമം ലംഘികുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും</u>

പാലസ് റോഡിൽ സർവ്വീസ് ബസുകൾ , K.S.R.T.C. ബസുകൾ, ഗുഡ്സ് വാഹനങ്ങൾ എന്നിവയ്ക്ക് ലൈൻ ട്രാഫിക് നടപ്പിലാക്കും , ഇവയുടെ ഓവർടേക്കിംഗിനെതിരെ കർശന നടപടി സ്വീകരിക്കും.

ജില്ലാ പോലീസ് മേധാവി
എറണാകുളം റൂറൽ, ആലുവ